അധ്യായം 93

## അദ്ദുഹാ (പകൽ)

അവതരണം മക്കയിൽ, സൂക്തങ്ങൾ 11

**അദ്ധ്യായ പരിചയം:**

**മുഹമ്മദ്നബി(സ)ക്ക് തൻെറ പ്രവാചകത്വത്തിൻെറ ആരംഭഘട്ടത്തിൽ കുറച്ചുനാൾ ദിവ്യബോധനം നിലയ്ക്കുകയുണ്ടായി. തന്നിൽനിന്നും സംഭവിച്ച വല്ല പാകപ്പിഴവും കാരണമാണോ എന്ന് അദ്ദേഹം ആശങ്കിക്കുകയും അസ്വസ്ഥനാവുകയും ചെയ്തു. മുഹമ്മദി(സ)നെ തൻെറ രക്ഷിതാവ് കൈവിട്ടതായി എതിരാളികൾ പരിഹസിച്ചു. ദിവ്യബോധന സ്വീകരണത്തിൻെറ കടുത്ത ഭാരം ശീലിച്ചു കഴിഞ്ഞിട്ടില്ലാത്ത സ്ഥിതിക്ക് ഒരിടവേള ആവശ്യമാണെന്നും അല്ലാഹു കൈവിട്ടതല്ലെന്നും ഈ അധ്യായത്തിലൂടെ പ്രവാചകനെ സാന്ത്വനപ്പെടുത്തുകയാണ് ചെയ്തത്. അതോടൊപ്പം പ്രവാചകത്വ ലബ്ധിയിലൂടെ തേജസ്സുറ്റവനാക്കുകയും ഖുറൈശികളിലെ ഏറ്റവും ധനാഢ്യയുമായുള്ള വിവാഹത്താൽ സമ്പന്നനാക്കുകയും ചെയ്ത സംഗതി അദ്ദേഹത്തെ ഓർമപ്പെടുത്തുന്നു. തുടർന്ന് അനാഥകളോട് ഉദാരമായി വർത്തിക്കാനും അവശരായ ദൈവദാസന്മാരെ സഹായിക്കാനും അദ്ദേഹത്തോട് നിർദേശിക്കുന്നു.**

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

وَٱلضُّحَىٰ ﴿١﴾ وَٱلَّيۡلِ إِذَا سَجَىٰ ﴿٢﴾ مَا وَدَّعَكَ رَبُّكَ وَمَا قَلَىٰ ﴿٣﴾
وَلَلۡأٓخِرَةُ خَيۡرٞ لَّكَ مِنَ ٱلۡأُولَىٰ ﴿٤﴾ وَلَسَوۡفَ يُعۡطِيكَ رَبُّكَ فَتَرۡضَىٰٓ ﴿٥﴾
أَلَمۡ يَجِدۡكَ يَتِيمٗا فَـَٔاوَىٰ ﴿٦﴾ وَوَجَدَكَ ضَآلّٗا فَهَدَىٰ ﴿٧﴾ وَوَجَدَكَ عَآئِلٗا
فَأَغۡنَىٰ ﴿٨﴾ فَأَمَّا ٱلۡيَتِيمَ فَلَا تَقۡهَرۡ ﴿٩﴾ وَأَمَّا ٱلسَّآئِلَ فَلَا تَنۡهَرۡ ﴿١٠﴾ وَأَمَّا
بِنِعۡمَةِ رَبِّكَ فَحَدِّثۡ ﴿١١﴾

**അർഥം**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. പകലിൻെറ ആദ്യ പാതി സത്യം.
2. രാത്രിയാണെ, അത് പ്രശാന്തമാകുമ്പോൾ (അതുകൊണ്ടും സത്യം)
3. നിൻെറ നാഥൻ നിന്നെ വെടിഞ്ഞിട്ടില്ല, വെറുത്തിട്ടുമില്ല.
4. തീർച്ചയായും പിൽക്കാലമാകുന്നു ആദ്യകാലത്തെക്കാൾ നിനക്കുത്തമം.
5. വൈകാതെ തന്നെ നിൻെറ നാഥൻ നിനക്കു നൽകും; അപ്പോൾ നീ സംതൃപ്തനാകും.
6. അവൻ നിന്നെ അനാഥനായി കണ്ടു. അപ്പോൾ അവൻ നിനക്ക് അഭയമേകിയില്ലേ?
7. നിന്നെ വഴിയറിയാത്തവനായി കാണുകയും അവൻ നിന്നെ നേർവഴിയിലാക്കുകയും ചെയ്തില്ലേ?
8. നിന്നെ ദരിദ്രനായി കാണുകയും അങ്ങനെ അവൻ നിന്നെ സമ്പന്നനാക്കുകയും ചെയ്തില്ലേ?
9. അതിനാൽ അനാഥനോട് നീ പരുഷത കാട്ടരുത്.
10. ചോദിച്ച് വരുന്നവനെ വിരട്ടരുത്.
11. നിൻെറ നാഥൻെറ അനുഗ്രഹത്തെ പ്രകീർത്തിക്കുകയും ചെയ്യുക.

## വിശദീകരണം:

**പ്രവാചകത്വത്തിൻെറ ആദ്യഘട്ടത്തിൽ കുറച്ചു നാൾ ദിവ്യബോധനം നിലക്കുകയുണ്ടായെന്ന് സൂചിപ്പിച്ചുവല്ലോ. എതിരാളികളായ ബഹുദൈവവിശ്വാസികൾ അദ്ദേഹത്തെ പരിഹസിക്കാൻ**

ഈ സന്ദർഭം ഉപയോഗപ്പെടുത്തി. അബൂജഹൽ എന്ന ഖുറൈശിപ്രമാണിയുടെ ഭാര്യ ഉമ്മുജമീൽ ഒരിക്കൽ പ്രവാചകനോട് പറഞ്ഞു: നിൻെറ ചെകുത്താൻ നിന്നെ കൈവിട്ടുകളഞ്ഞെന്ന് തോന്നുന്നു." ജീബ്രീലിനെ സംബന്ധിച്ചായിരുന്നു ആ സംസാരം. എന്നാൽ പകലിനെയും രാത്രിയെയും സത്യം ചെയ്തുകൊണ്ട് അല്ലാഹു തൻെറ ദൂതനെ സമാധാനിപ്പിക്കുന്നു, ഇടക്കാലത്ത് ദിവ്യബോധനം ഇല്ലാതിരിക്കാൻ കാരണം നിൻെറ നാഥൻ നിന്നെ വെടിഞ്ഞതുകൊണ്ടല്ല, അതൃപ്തനായതുകൊണ്ടുമല്ല. താങ്കൾക്ക് ലഘൂകരണം ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.

തൻെറ ജനത നേടിയെടുക്കുന്ന വിജയങ്ങളും സംഭരിക്കുന്ന യുദ്ധമുതലുകളും ഒരിക്കൽ അല്ലാഹു അദ്ദേഹത്തിന് കാണിക്കുകയുണ്ടായി. അദ്ദേഹം വളരെ സന്തുഷ്ടനായി. എന്നാൽ അല്ലാഹു പറഞ്ഞു: ഈ ലോകത്തെ എല്ലാ വിജയങ്ങളെക്കാളും പ്രശസ്തിയെക്കാളും താങ്കൾക്ക് വിശിഷ്ടമായിട്ടുള്ളത് പരലോകത്തെ വിജയമാകുന്നു. തീർച്ചയായും അല്ലാഹു താങ്കൾക്കത് നല്കുന്നതാണ്. അപ്പോൾ താങ്കൾ സന്തുഷ്ടനാകുന്നതായിരിക്കും.

അദ്ദേഹത്തിൻെറ ജന്മത്തിനു മുമ്പു തന്നെ പിതാവ് അബ്ദുല്ലയും അദ്ദേഹത്തിന് ആറ് വയസ്സുള്ളപ്പോൾ മാതാവും എട്ടു വയസ്സുള്ളപ്പോൾ പിതാമഹൻ അബ്ദുൽ മുത്തലിബും മരണമടഞ്ഞിരുന്നു. അക്കാര്യം പരാമർശിച്ചുകൊണ്ട് അദ്ദേഹത്തോട് പറയുന്നു: "മാതാപിതാക്കളുടെ വിയോഗത്താൽ ചെറുപ്പത്തിൽ തന്നെ അനുഭവിക്കേണ്ടിവന്ന അനാഥത്വത്തിൽ നാം നിനക്ക് ആശ്രയവും തുണയും നല്കി സംരക്ഷിച്ചുപോന്നു. പ്രവാചകത്വത്തിൻെറ ഘട്ടത്തിൽ അനാഥത്വം വരുത്തിയ ഖിന്നതാബോധവും അകറ്റുകയും തൻെറ ജനതയുടെ എല്ലാ ദ്രോഹങ്ങളിൽ നിന്നും സംരക്ഷണം നല്കുകയും ചെയ്തു. അതോടൊപ്പം വിശ്വാസ സംരക്ഷണത്തിൻെറ പേരിൽ നാട് ത്യജിക്കേണ്ടിവന്നപ്പോൾ കൂടുതൽ ഹൃദ്യവും ഊഷ്മളവുമായ ആത്മബന്ധം മുറ്റിനില്ക്കുന്ന നാടും സാഹചര്യവും നലുകയും ചെയ്തു." ഇതൊക്കെ അല്ലാഹു അദ്ദേഹത്തെ ഏറ്റെടുക്കുകയും സംരക്ഷിക്കുകയും ചെയത്തുകൊണ്ടാണ്.

നിന്നെ വഴിയറിയാത്തവനായി കണ്ടു, അങ്ങനെ നിനക്ക് വഴി കാണിച്ചുതന്നു എന്ന വചനം കുറിക്കുന്നത് പ്രവാചകൻ(സ) ദുർമാർഗചാരിയായിരുന്നു എന്ന അർഥത്തിലല്ല. മറിച്ച് യഥാർഥ ദൈവികസന്മാർഗം ഏതെന്നും ഏകദൈവ വിശ്വാസം എന്തെന്നും അദ്ദേഹത്തിന് അറിയുമായിരുന്നില്ല. അക്കാര്യം ഖുർആൻ തന്നെ വ്യക്തമാക്കുകയുണ്ടായി. (അദ്ധ്യായം 42: 52). പ്രവാചകത്വത്തിനു മുമ്പ് അത്തരം കാര്യങ്ങളെ സംബന്ധിച്ച് അദ്ദേഹം ഒട്ടും ബോധവാനായിരുന്നില്ല.

അദ്ദേഹം തീർത്തും ദാരിദ്ര്യാവസ്ഥയിലായിരുന്നു. സമ്പന്നമായ കുടുംബ പശ്ചാത്തലാമായിരുന്നില്ല അദ്ദേഹത്തിൻെറത്. എന്നാൽ മക്കയിലെ പ്രമുഖ വ്യാപാരിയായിരുന്ന ഖദീജയുമായുള്ള വിവാഹ ശേഷം ദാരിദ്ര്യാവസ്ഥയിൽനിന്ന് അല്ലാഹു അദ്ദേഹത്തെ രക്ഷപ്പെടുത്തുകയുണ്ടായി.

6,7,8 വചനങ്ങളിൽ പ്രതിപാദിച്ച ഈ മൂന്ന് കാര്യങ്ങളും പ്രവാചകത്വത്തിന് മുമ്പുണ്ടായിരുന്ന അദ്ദേഹത്തിൻെറ അവസ്ഥയായിരുന്നു. അതേ ബോധ്യപ്പെടുത്തിക്കൊണ്ട് അല്ലാഹു അദ്ദേഹത്തോട് മൂന്നു കാര്യങ്ങൾ സൂക്ഷിക്കാൻ ആജ്ഞാപിക്കുന്നു. ഒന്ന്, അല്ലാഹു ഈ മൂന്നവസ്ഥകളിലും നിന്നെ സംരക്ഷിക്കുകയും അനുഗ്രഹിക്കുകയും ചെയ്തതിനാൽ നിൻെറ കൈയാൽ ഒരു അനാഥനും ആക്രമിക്കപ്പെടാനോ ആട്ടിയകറ്റപ്പെടാനോ പാടില്ല. പകരം അവനോട് നല്ല നിലയിൽ വർത്തിക്കണം. അവൻെറ അവകാശങ്ങൾ വകവെച്ചു കൊടുക്കണം. അവന് താങ്കൾ ഒരു പിതാവിനെപ്പോലെയായിരിക്കണം. രണ്ട്, ദാരിദ്ര്യാവസ്ഥയിൽ നിന്നെ സംരക്ഷിച്ചതുപോലെ നിന്നെ സമീപിക്കുന്ന അവശരെ ഒരിക്കലും ആട്ടിയകറ്റരുത്. അവരോട് അവജ്ഞയോടെ വർത്തിക്കരുത്. അവരോട് കാരുണ്യത്തോടും കനിവോടും കൂടി വർത്തിക്കുക. മൂന്ന്, അല്ലാഹു അദ്ദേഹത്തിന് ചെയ്തുകൊടുത്ത എല്ലാ അനുഗ്രഹങ്ങളെയും എടുത്തോതുകയും അവയുടെ പേരിൽ നന്ദി പ്രകടിപ്പിക്കുകയും ചെയ്യുക. അത് കർമരൂപത്തിലാകട്ടെ വാചികമാകട്ടെ, നന്ദി പ്രകടിപ്പിക്കുന്നതിലും ആ അനുഗ്രഹം പ്രകടമാക്കുന്നതിലും ഒരിക്കലും അലംഭാവം കാട്ടരുത്.